പെൻഷനായി ഗവൺമെന്റ് അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ടാണ് റദ്ദ് ചെയ്തത്. നമ്മളൊക്കെ ജയിലിൽ പോകുകയും അടി കൊള്ളുകയും ഒക്കെ ചെയ്തതുകൊണ്ടാണ് അത് സ്വാതന്ത്ര്യസമരമായി അംഗീകരിച്ചിട്ടുള്ളത്. ഇതു ഖാദി-ഹിന്ദി പ്രചരണമാണ്. ഈ പെൻഷനുവേണ്ടി ധാരാളം മെമ്മോറാണ്ടങ്ങൾ എന്റെ അടുത്തു വരുന്നുണ്ട്. എനിക്കറിയാം ആരെല്ലാമാണെന്ന്. മുൻ ഉത്തരവു പ്രകാരം ഉദ്ദേശം എൺപതിൽപരം പേർക്കാണ് പെൻഷൻ നൽകിയിരുന്നത്. ആ ഉത്തരവ് റദ്ദ്ചെയ്തു എങ്കിലും പെൻഷൻ ലഭിച്ചവരിൽ നിന്നും തുക തിരിച്ചുപിടിച്ചിട്ടില്ല. പെൻഷൻ അനുവദിക്കപ്പെട്ടവരിൽ ചിലർ ഹൈക്കോടതിയിൽ കേസ് കൊടുത്തു. ഹൈക്കോടതി പെൻഷൻ നൽകിയത് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് ശരിയോ തെറ്റോ എന്ന് സർക്കാർ പരിശോധിക്കാനാണ് വിധി പുറപ്പെടുവിച്ചിരിക്കുന്നത്. ആ വിധിയിൻമേൽ തീരുമാനമെടുക്കണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ബഹുമാനപ്പെട്ട ഹൈക്കോടതി തീരുമാനമെടുക്കാൻ സർക്കാരിനോടു പറഞ്ഞു. ആ തീരുമാനം അനുഭാവപൂർവമാകണമെന്നാണ് അഭ്യർത്ഥന.

ശ്രീ. ഇ.കെ. നായനാർ : ഇത് സ്വാതന്ത്ര്യസമരമല്ല, എന്നാണ് ഉദയഭാനു കമ്മിഷൻ റിപ്പോർട്ടു പറയുന്നത്. 1994-ലെ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചു; കൊടുത്തിട്ടും അത് നിറുത്തലാക്കേണ്ടിവന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : കോടതി പറഞ്ഞതനുസരിച്ച് സർക്കാർ അനുഭാവപൂർവമായ തീരുമാനമെടുക്കണമെന്നാണ് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞത്.

(3) കാർഗിലിൽ മരണമടഞ്ഞ രാധാകുമാർ എന്ന ജവാന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിലുണ്ടായ അനാസ്ഥ

ശ്രീ. ജി. കാർത്തികേയൻ : സർ, കേരളത്തിനാകമാനം അപമാനകരവും ദുഃഖകരവുമായ ഒരു സംഗതി ഈ സഭയിൽ അവതരിപ്പിക്കുന്നതിന് ഞാൻ അങ്ങയുടെ അനുമതി ചോദിക്കുന്നു. കാർഗിലിൽ നമ്മുടെ നാടിന്റെ അതിർത്തി സംരക്ഷിക്കുന്നതിന് വേണ്ടി വീരമൃത്യു വരിച്ച ലാന്റ്സ്നായിക് രാധാകുമാറിന്റെ മൃതദേഹം ഇന്നലെ തിരുവനന്തപുരം എയർപോർട്ടിൽ വരുമെന്നാണ് അറിയിച്ചിരുന്നത്. അതനുസരിച്ച് എല്ലാ ഏർപ്പാടുകളുമുണ്ടായിരുന്നു. ആ മൃതദേഹം ഗവൺമെന്റ് ഔദ്യോഗികമായി ഏറ്റുവാങ്ങിയശേഷം അദ്ദേഹത്തിന്റെ സ്വദേശമായ ചേപ്പാടിൽ കൊണ്ടുപോകുമെന്നാണ് പറയപ്പെട്ടിരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എ.കെ. ആന്റണിയും ഞാനും ശ്രീ. പാലോട് രവിയും ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനും അവിടെ അതിനുവേണ്ടി പോയി. അവിടെ ചെന്നപ്പോൾ വീരമൃത്യു വരിച്ച ആ ജവാന്റെ മൃതദേഹം ഏറ്റുവാങ്ങുന്നതിനുള്ള എല്ലാ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. അവിടെ എത്തിയപ്പോൾ മടങ്ങിവരുന്ന സംസ്ഥാന മന്ത്രിസഭയുടെ പ്രതിനിധിയുടെ കാറ് ഞങ്ങൾ കണ്ടു. അവിടെ എത്തിക്കഴിഞ്ഞപ്പോഴാണ് മൃതദേഹം അവിടെ വരുന്നില്ല എന്ന് ഞങ്ങൾ അറിയുന്നത്. മൃതദേഹം നെടുമ്പാശ്ശേരിയിൽ വന്നു. ഇതു ഈ നാടിന് അപമാനകരമായിട്ടുള്ളതാണ്. രാജ്യത്തിനുവേണ്ടി ജീവിതം കൊടുത്ത വീരയുവാവിന്റെ മൃതദേഹം അനാഥപ്രേതം പോലെ അഞ്ചു മണിക്കൂർ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ ട്രോളിയിൽ ഗൾഫിൽ നിന്നും വന്ന യാത്രക്കാരുടെ സാധനങ്ങൾക്കൊപ്പം കിടക്കേണ്ട ഒരവസ്ഥ ഉണ്ടായി എന്നുപറഞ്ഞാൽ അത് നാടിന് അപമാനകരമാണ്. ഇതു

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റിന്റെ കുറ്റമാണോ അതോ കേരള ഗവൺമെന്റിന്റെ കുറ്റമാണോ എന്നറിയില്ല. ഈ മണ്ണിന്റെ പുത്രനാണ്. ഡൽഹിയിൽ നിന്നും പറന്നുയരുന്ന വിമാനം എത്താൻ ഏറ്റവും കുറഞ്ഞത് മൂന്നര-നാലു മണിക്കൂറെടുക്കും. ഈ മൃതദേഹം ഡൽഹിയിലെ വിമാനത്താവളത്തിൽനിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്കാണ് പുറപ്പെടുന്നത് എന്ന കാര്യം കോ-ഓർഡിനേറ്റു ചെയ്യാൻ കേരളത്തിൽനിന്നുള്ള ഡൽഹിയിലെ ഉദ്യോഗസ്ഥൻമാർക്ക് ഉത്തരവാദിത്വമില്ലേ? അവിടെ കേരളത്തിലെ ഉദ്യോഗസ്ഥൻമാരില്ലേ? കേന്ദ്ര ഗവൺമെന്റിലോ ഡിഫൻസിലോ തകരാറുണ്ടായിരിക്കാം. പക്ഷെ ഡൽഹിയിലുള്ള കേരളത്തിലെ ഉദ്യോഗസ്ഥൻമാർക്ക് സംവിധാനമില്ലേ ഡൽഹിയിൽ? ആ സംവിധാനത്തിൽ കോ-ഓർഡിനേഷൻ ഇല്ലായ്മകൊണ്ട് രാജ്യത്തിന്റെ മുമ്പിൽ കേരളത്തിന്റെ മുഖം അപമാനകരമായി, ദുഃഖകരമായി നിൽക്കുന്നു. കേരളീയ ജവാനു സംഭവിച്ച ഈ അവസ്ഥയുടെ കാരണം അറിയാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. എവിടെയാണ് തകരാറ് പറ്റിയത് എന്നറിയണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇന്നലെ രണ്ട് ജഡം വിമാനത്തിൽ കൊണ്ടുവന്നിരുന്നു. ഒരു ജഡം ഇവിടെയും ഒരു ജഡം നെടുമ്പാശ്ശേരിയിലുമാണ് കൊണ്ടുവന്നത്. ഇവിടെ കൊണ്ടുവന്നത് ആത്മഹത്യ ചെയ്ത ആളിന്റെ ജഡമാണ്. അവിടെ കൊണ്ടുവന്നത് രക്തസാക്ഷിത്വം വരിച്ച ജവാന്റെ മൃതദേഹം. (തടസ്സം) ഞാൻ പറയുന്നത് കേൾക്ക്. ഞാനാണല്ലോ ശ്രീ. ടി.കെ. രാമകൃഷ്ണനെ അയച്ചത്.....(തടസ്സം).....

ഇന്നലെ എത്തുമെന്ന് പറഞ്ഞാണ് ശ്രീ. രാമകൃഷ്ണനെ അയച്ചത്. ഞാൻപറഞ്ഞുകഴിയട്ടെ. ഞാൻ മുഴുവൻ പറയുന്നതുവരെ കേൾക്കണം. അതല്ലെങ്കിൽ നിങ്ങൾ പറയുന്നതുപോലെ എനിക്കും അങ്ങോട്ട് പറയാനാവും. പിന്നെ ഇത് എന്താണ്? ഞാൻ മുഴുവൻ പറയണ്ടേ? നിങ്ങൾ മാത്രമാണോ മര്യാദക്കാർ? ഇന്നലെ മൃതദേഹം കൊണ്ടുവരുമെന്ന് പറഞ്ഞിട്ടാണ് ബഹുമാനപ്പെട്ട രാമകൃഷ്ണനെ ഇവിടെനിന്ന് അയച്ചത്. കാർഗിലിൽ വീരമൃത്യു വരിച്ച രാധാകൃമാറിന്റെ മൃതദേഹം കേരളത്തിൽ കൊണ്ടുവന്നപ്പോൾ ഉചിതമായ ആദരവ് നൽകിയില്ലെന്നുള്ളതാണ് നിങ്ങളുടെ ആരോപണം. അല്ലേ? അതിന്റെ വസ്തുത കേൾക്ക്, ആർമി ഹെഡ്ക്വാർട്ടേഴ്സിൽനിന്നും തിരുവനന്തപുരം വിമാനത്താവളത്തിൽ മൃതദേഹം എത്തുമെന്നാണ് അറിയിച്ചത്. അത് മനസ്സിലാക്കണം. ഞങ്ങൾ മിലിറ്ററി ഹെഡ്ക്വാർട്ടേഴ്സിനെ കോൺടാക്ട് ചെയ്യുന്നുണ്ട്, നിങ്ങൾ പറയുന്ന വിവരം മാത്രമല്ല അവർ അറിയിച്ചത്. ഇവിടെ എത്തിക്കുമെന്നാണ്. നിങ്ങൾക്കു വിവരമില്ല. എനിക്കു വിവരമുണ്ട്. അതുകൊണ്ടല്ലേ ഞാനീപ്പറയുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മൃതദേഹം ഏറ്റുവാങ്ങുന്നതിനും ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുമുള്ള എല്ലാ ഏർപ്പാടുകളും തിരുവനന്തപുരം വിമാനത്താവളത്തിൽ ചെയ്തിരുന്നു. അത് ശരിയാണ്. നിങ്ങളെല്ലാം പോയതു പോലെയല്ലേ ടി.കെ.യും പോയത്? ഞാൻ അയച്ചിട്ടാണ് ശ്രീ. രാമകൃഷ്ണൻ പോയത്. നിങ്ങൾ കേൾക്ക് ബാ എന്നു പറയുമ്പോൾ ബ്ലാത്തൂർ എന്നു പറയാൻ പറ്റ്യോ? എന്നാൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തുന്ന വിവരം അവർ വളരെ താമസിച്ച് രാത്രിയിലാണ് അറിയിച്ചത്. നമ്മൾ ഇവിടെ ഏർപ്പാട് ചെയ്തു, അതിനുശേഷം വളരെ താമസിച്ചാണ് അറിയിച്ചത്. അറിഞ്ഞ ഉടൻ നമ്മൾ ചെയ്തതെന്താണെന്നുവച്ചാൽ ജില്ലാ കളക്ടർക്കും എസ്.പി.ക്കും വിവരം കൊടുത്തു. (തടസ്സം) കളക്ടർ പോയി. താമസിച്ചാണ് പോയത്. കളക്ടർ റീത്ത് വയ്ക്കുന്ന ഫോട്ടോ ഇന്നത്തെ പത്രത്തിലുണ്ട്. കളക്ടറും എസ്.പി.യും മൃതദേഹം ഏറ്റുവാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാന ഗവൺമെന്റിനുവേണ്ടി വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായ വകുപ്പുമന്ത്രിയെ വീട്ടിലേക്ക് അയച്ചു. അതിന്റെ ഫോട്ടോയും ഇന്നത്തെ പത്രത്തിലുണ്ട്. വീരമൃത്യു വരിച്ച രാധാകുമാറിന്റെ ചേപ്പാടിലെ വസതിയിലെത്തി വ്യവസായവകുപ്പുമന്ത്രി ആദരാഞ്ജലികളർപ്പിക്കുകയും ശവസംസ്ക്കാര ചടങ്ങുകളിൽ ആദ്യന്തം പങ്കെടുക്കുകയും ചെയ്തു. സംസ്ഥാന ഗവൺമെന്റിന്റേയും ജനങ്ങളുടേയും സർവ്വവിധ ആദരവുകളും പ്രസ്തുത ചടങ്ങിൽ അർപ്പിക്കപ്പെട്ടിരുന്നു, റീത്ത് വയ്ക്കുമ്പോഴും ജഡം മറവുചെയ്യുമ്പോഴും. ഉചിതമായ ആദരവ് നൽകാൻ കഴിഞ്ഞില്ലെന്നുള്ള പരാമർശം ശരിയല്ല. ഇവിടെ വിവരം താമസിച്ചത്, മിലിറ്ററി ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് ലഭിച്ച ഇൻഫർമേഷനിലെ താമസംകൊണ്ടാണ്. അവിടെ കളക്ടറാണ് റീത്ത്വച്ചത്. ഈ കാര്യങ്ങൾ നടന്നു. ഇവിടത്തേത് വന്നില്ല. ഇവിടെ വരാൻ പോകുന്നുവെന്നുള്ള വിവരം കിട്ടി. അത് എത്തിയില്ലെന്നുള്ളതിലേക്കല്ലേ നിങ്ങൾ കയറി പിടിച്ചത്? ഇവിടെ ജഡം വരാൻ പോകുന്നുവെന്നുള്ള വിവരം കിട്ടി. പക്ഷേ വന്നില്ല. വന്നത് അവിടെയാണ്. അവരാണ് ചേപ്പാട് വീട്ടിൽ പോയി മറവുചെയ്തത്. ഇത് ഇനി മറവുചെയ്യാനിരിക്കുന്നതേയുള്ളൂ. (തടസ്സം) രാധാകുമാറിന്റെ മൃതദേഹത്തിന്റെ വിവരം വളരെ താമസിച്ചാണ് മിലിറ്ററിയിൽനിന്ന് കിട്ടിയത്.

(4) തളിപ്പറമ്പ് മണ്ഡലത്തിലെ കുറ്റ്യാട്ടൂർ ഒടുവള്ളിത്തട്ടം - 33 കെ.വി. സബ്സ്റ്റേഷനുകളുടെ പണി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, വളരെ വിസ്തൃതമായ മേഖലയിൽ തെക്കേഭാഗത്ത് മലയോരങ്ങളുൾക്കൊള്ളുന്ന, അതിന്റെ ഏകദേശം മദ്ധ്യഭാഗത്തു വരുന്ന പ്രദേശമാണ് ചപ്പാരപ്പടവ് പഞ്ചായത്തിലെ ഒടുവള്ളിത്തട്ടം. അത് വടക്കേ അതിർത്തിയിലാണ് വരുന്നത്. അവിടെ 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം. വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന ആലക്കോട്, നടുവിൽ, ഉദയഗിരി എന്നീ പ്രദേശങ്ങൾ ചപ്പാരപ്പടവ് പഞ്ചായത്തിലെ പ്രധാനപ്പെട്ട കുടിയേറ്റ കേന്ദ്രങ്ങളാണ്. 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം തീർക്കുന്നതോടുകൂടി അവിടെയുള്ള വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും.

രണ്ടാമത്തെ കാര്യം, കുറ്റ്യാട്ടൂർ പഞ്ചായത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം മുമ്പുതന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ രണ്ട് സബ്സ്റ്റേഷനുകളുടെയും പണി ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എന്റെ സബ്മിഷന്റെ ഭാഗമായി എനിക്ക് ഉന്നയിക്കാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കുറ്റ്യാട്ടൂർ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിലേക്കായി ആവശ്യമായ ഓഫീസ് അനുവദിക്കുകയും സബ്സ്റ്റേഷനുവേണ്ടി സ്ഥലമെടുപ്പ് ജോലി പുരോഗമിച്ചുവരികയും ചെയ്യുകയാണ്. സബ്സ്റ്റേഷനും അനുബന്ധ ലൈനും ടേൺ-കീ അടിസ്ഥാനത്തിൽ ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ടേൺ-കീ അടിസ്ഥാനത്തിൽ ഈ ജോലി ചെയ്യുന്നതിനുള്ള ടെന്റർ താമസംവിനാ പുറപ്പെടുവിക്കുന്നതാണ്. കരാർ ഉറപ്പിച്ചുകഴിഞ്ഞാൽ ആറു മാസത്തിനകം സബ്സ്റ്റേഷന്റെ പണി പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly